## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6591 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### സോഡാ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് നഗരത്തിൽ സോഡാ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വെള്ളം ശുദ്ധീകരിക്കപ്പെട്ടതും മാലിന്യ മുക്തവുമാണോ എന്ന് വകുപ്പ് പരിശോധന നടത്താറുണ്ടോ; | എ) 1954-ലെ മായം ചേർക്കൽ നിരോധന നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സോഡാ നിർമ്മാണ യൂണിറ്റുകൾ/ഭക്ഷ്യോൽപാദന യൂണിറ്റുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകിയിരുന്നത്. ലൈസൻസ് നൽകുന്നതിനും/പുതുക്കുന്നതിനും മുൻപായി ലൈസൻസിംഗ് അതോറിറ്റി ശുദ്ധജല ലഭ്യത ഉറപ്പാക്കേണ്ടതാണ്. |
| ബി) ഇല്ലെങ്കിൽ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ബി) പുതിയതായി നിലവിൽവന്ന 2006 -ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമ പ്രകാരം ആഹാര സാധനങ്ങൾ/സോഡാ ഉണ്ടാക്കാനുപയോഗിക്കുന്ന ജലവും ശുദ്ധമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത നിയമ പ്രകാരം ലൈസൻസ് നൽകേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഡെസിഗ്നേറ്റഡ് ഓഫീസർമാരാണ്. ആയതിനാൽ സോഡാ നിർമ്മാണ യൂണിറ്റുകളിൽ ഉപയോഗിക്കുന്ന ജലം ഇടയ്ക്കിടെ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ